പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 10/7/2012-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 6249

ആലപ്പുഴ ജില്ലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ : | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പഞ്ചായത്ത് തലങ്ങളിൽ ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് ഫണ്ട് നൽകിയിട്ടുണ്ടോ എന്ന് പറയാമോ ; | (എ) | ജില്ലാപഞ്ചായത്തുകൾക്ക് ഈയിനത്തിൽ പ്രത്യേകം ഫണ്ട് നൽകിയിട്ടില്ല. |
| (ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ആലപ്പുഴ ജില്ലാപഞ്ചായത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രത്യേകം തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (സി) പ്രസ്തുത തുക വിനിയോഗിച്ച് ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | ആലപ്പുഴ ജില്ലാപഞ്ചായത്ത് 2009-10 മുതൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ ഡി.എം.ഒ മുഖേന അരൂർ, എഴുപുന്ന, കോടംതുരുത്ത്, കടക്കരപ്പള്ളി, പട്ടണക്കാട്, വയലാർ, അരൂർക്കുറ്റി, പാണാവള്ളി, പെരുമ്പളം, പള്ളിപ്പുറം, മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, മണ്ണഞ്ചേരി, ആര്യാട്, തകഴി, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട്, ആറാട്ടുപുഴ, കാർത്തികപ്പള്ളി, ഹരിപ്പാട്, ചേപ്പാട്, പത്തിയൂർ, നൂറനാട്, പാലമേൽ, വെളിയനാട്, നീലംപേരൂർ, കാവാലം, വള്ളിക്കുന്നം, വെൺമണി, തിരുവൻവണ്ടൂർ, ചെട്ടികുളങ്ങര, തെക്കേക്കര , ചുനക്കര, കുത്തിയതോട്, എന്നീ ഗ്രാമപഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. 2009-10-ൽ 13 ലക്ഷം രൂപയും 2010-11-ൽ 16 ലക്ഷം രൂപയും 2011-12-ൽ 22 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ